## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1772** **4..10..2011 ൽ മറുപടിയ്ക്ക്**

### കാറ്റിൽ നിന്ന് വൈദ്യുതി

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | മറുപടി<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുവേണ്ടി അനുയോജ്യമായ ഭൂമി സജ്ജമാക്കുന്ന സ്വകാര്യവ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സഹായങ്ങൾക്കർഹതയുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്വന്തം നിലയ്ക്കു തന്നെ കാറ്റാടിപ്പാടങ്ങൾ നിർമ്മിക്കാവുന്നതാണ്. ഇതിനായി സർക്കാർ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇങ്ങനെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നവർക്ക് കേന്ദ്ര സർക്കാർ ചില സാമ്പത്തിക സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.<br>1) നികുതി നിർണ്ണയത്തിൽ കാറ്റാടി പദ്ധതിയ്ക്കു വന്ന മുതൽമുടക്കിന്റെ 80% ഒന്നാം വർഷം തന്നെ വരുമാനത്തിൽ നിന്നും കിഴിക്കാവുന്നതാണ്.<br>2)ഉൽപ്പാദിപ്പിക്കുന്ന ഓരോ യൂണിറ്റിനും ആദ്യത്തെ 6 വർഷത്തേയ്ക്ക് 50 പൈസാ ഇൻസെന്റീവ്.<br>ഇതിൽ ഏതെങ്കിലും ഒരാനുകൂല്യം സ്വകാര്യ സംരംഭകർക്ക് ലഭിക്കുന്നതാണ്. |
| (ബി) അനുയോജ്യമായതായി കണ്ടെത്തുന്ന ഭൂമിയിൽ മറ്റവകാശങ്ങളോ ബാധ്യതയോ ഇല്ലെന്ന് ഉറപ്പാക്കാൻ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദന പദ്ധതിയുടെ ഭാഗമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. റവന്യൂ അധികൃതർ നൽകുന്ന രേഖകൾ ആധാരമാക്കി ഇക്കാര്യങ്ങൾ ഉറപ്പുവരുത്തിയ ശേഷമാണ് കാറ്റാടി പദ്ധതികൾക്ക് സർക്കാർ നിഷ്കർഷിച്ച സാങ്കേതിക അനുമതി അനെർട്ട് നൽകി വരുന്നത്. |
| (സി) എങ്കിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പിന്നീട് ഭൂമി സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം കരുതൽ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (സി) | ഇത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നവർ തന്നെ ഭൂമി സംബന്ധമായ രേഖകൾ പരിശോധിച്ച് ബാധ്യതകൾ ഒന്നുമില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |

(ഒപ്പ്)

ത.ം സെക്ഷൻ ഓഫീസർ